# <u>ദാവീദിന്റെ രണ്ടു മുഖങ്ങൾ</u>

<u>പത്രാധിപക്കുറിപ്പ് :</u> സാഹിത്യപ്രതിഭ എൽസി യോഹന്നാൻ ശങ്കരത്തിൽ രചിച്ച 'ദാവീദിന്റെ രണ്ടു മുഖങ്ങൾ' എന്ന ഖണ്ഡകാവ്യം ഇ മലയാളിയിൽക്കൂടി എല്ലാ ശനിയാഴ്ചയും ഖണ്ഡശ്ശ പ്രസിദ്ധീകരിക്കുന്നു.

ആദ്യമായി കാവ്യത്തെപ്പറ്റി പ്രൊഫ. ഉലകം തറയുടെ ആമുഖം പ്രസിദ്ധീകരിക്കുന്നു..

## <u>ആമുഖം</u>

മലയാളത്തിൽ പദ്യസാഹിത്യത്തിന്റെ കാലം കഴിഞ്ഞുവെന്ന് പ്രൊഫസർ മുണ്ടശ്ശേരി വിധിയെഴുതിയിട്ട് നാലുദശാബ്ദത്തോളമായി . ഇന്നത്തെ ചെറുപ്പക്കാർ എഴുതുന്ന കവിതകളധികവും ഗദ്യത്തിലാണ്. എന്നാൽ അതിലെ 'ഭാഷ' കാണുമ്പോൾ ഗദ്യത്തിന്റെ കാലവും കഴിഞ്ഞു എന്നു പറയാൻ തോന്നിപ്പോകും. പദ്യത്തിന്റെ നിയമങ്ങളെല്ലാം ലംഘിച്ചുകൊണ്ട് അവരെഴുതുന്ന കവിതകൾ കവിയരങ്ങുകളിൽ ചെന്ന് അവതരിപ്പിക്കുന്നതാകട്ടെ പദ്യം ചൊല്ലുന്നതുപോലെയാണുതാനും.

കവിത ആത്മാവിന്റെ സംഗീതമാണ്. സംഗീതാത്മകമായ ഭാഷയാണ് അതിനു യോജിച്ച മാദ്ധ്യമം. വൃത്തവും ഭാഷയുമൊക്കെയുള്ള സ്വന്തമായ ഒരു കാവ്യഭാഷ മലയാളത്തിനുണ്ട്. അതു കവിതയ്ക്കു ചേർന്ന സംഗീതാത്മകമായ ഭാഷയാണ്. ഗദ്യത്തിൽ കവിതയെഴുതിക്കൂടെന്നില്ല. ഗദ്യവും പദ്യവുമല്ലാത്ത ഭാഷയിലുമെഴുതാം. എന്നാൽ ശബ്ദസുഖം കൊണ്ടു വായനക്കാരനെ ആകർഷിക്കുന്നതും അവന്റെ മനസ്സിൽ തങ്ങിനിൽക്കുന്നതും പദ്യഭാഷയിലുള്ള കവിതകളാണ്. മഞ്ജരി, കാകളി, നതോന്നത, മാവേലി, ഓമനക്കുട്ടൻ മുതലായി ദ്രാവിഡവൃത്തങ്ങളെന്നറിയപ്പെടുന്ന ഒട്ടേറെ പദ്യരചനാരീതികൾ മലാളികൾക്കു സ്വന്തമായുണ്ട്. അവ ചൊല്ലിയും കേട്ടും പഠിക്കാനുള്ള ക്ഷമയില്ലാതെ വൃത്തമുക്തകവിതകൾ എഴുതി ചാരിതാർത്ഥ്യമടയുന്നവർ സ്വന്തം പൈതൃകത്തെ നിന്ദിക്കുന്നവരാണ്. ലാറ്റിനമേരിക്കയിലും മറ്റുമുണ്ടാകുന്ന ആധുനിക കവിതകളുടെ വിവർത്തനങ്ങളെയാണവർ അനുകരിക്കുന്നത്. പ്രശസ്തരായ നമ്മുടെ ചില ആധുനിക കവികൾ അടുത്ത കാലത്ത് ഈ വസ്തുത തിരിച്ചറിഞ്ഞ് പ്രാചീന വൃത്തങ്ങളിലേക്കുള്ള മടങ്ങിപ്പോക്ക് ആരംഭിച്ചിരിക്കുന്നു.

സുദീർഘമായ വിദേശവാസത്തിനിടയിലും മലയാളത്തനിമ കൈമോശം വരാതെ സൂക്ഷിക്കുകയും താൻ നുകർന്ന മുലപ്പാലിന്റെ മഹിമയിൽ അഭിമാനം കൊള്ളുന്ന മറുനാടൻ മലയാളികളുണ്ടല്ലോ എന്ന വിചാരം രോമാഞ്ചപ്രദമാണ്. അത്തരമൊരു രോമാഞ്ചത്തിന്റെ അകമ്പടിയോടുകൂടിയാണ് ശ്രീമതി എൽസി യോഹന്നാൻ ശങ്കരത്തിലിന്റെ ''ദാവീദിന്റെ രണ്ടുമുഖങ്ങളി''ലെ രണ്ടു കവിതാതന്തുക്കളും ഞാൻ വായിച്ചുതീർത്തത്. നിരന്തരമായ കാവ്യപാരായണമോ കവിസംസർഗ്ഗമോ തുടർന്നുപോകുന്നതിനുള്ള സൗകര്യം ആ മഹതിക്ക് ഇന്നില്ല. എങ്കിലും ക്രൈസ്തവ കവികളിൽ അഗണ്യമല്ലാത്ത ഒരു സ്ഥാനത്തിന് താൻ അവകാശിയാണെന്ന് ഈ കവിതകളിലൂടെ അവർ വിളംബരം ചെയ്യുന്നു. നമ്മുടെ കവികളെ എറെയൊന്നും പ്രലോഭിപ്പിച്ചിട്ടില്ലാത്ത ബൈബിൾക്കഥകളാണ് ശ്രീമതി എൽസി യോഹന്നാൻ സധൈര്യം മലയാള കാവ്യഭാഷയിൽ അവതരിപ്പിക്കുന്നത്. കേരളത്തിന്റെ പരമ്പര്യവും ക്രൈസ്തവ വിശ്വാസവും നമ്മുടെ കാവ്യസംസ്ക്കാരത്തിൽ സമന്വയിപ്പിക്കുകയാണിവിടെ. അഭിനന്ദനീയവും അനുകരണീയവുമാണ് ഈ സംരംഭം.

ദാവീദു രാജാവിന്റെ ജീവിതത്തിലെ രണ്ടു സംഭവങ്ങളാണ് ഈ കവിതകളിൽ ഇതിവൃത്തമായി സ്വീകരിച്ചിരിക്കുന്നത്. ഇസ്രയേൽ രാജാവായ ശൗൽ ഒരിക്കൽ തന്റെ ഉപകർത്താവും രക്ഷകനുമായിരുന്ന ദാവീദിനെ, അദ്ദേഹം പിൽക്കാലത്ത് തന്റെ സിംഹാസനത്തിന് അവകാശമുന്നയിക്കുമോ എന്ന ഭയം നിമിത്തം നാടുകടത്തുന്നു. ദാവീദ് അലഞ്ഞുതിരിഞ്ഞ് വിശപ്പും ദാഹവും കൊണ്ടു വലഞ്ഞ് നാബാൽ എന്ന ധനികന്റെ പക്കൽ ഭക്ഷണത്തിനായി ദൂതൻമാരെ അയയ്ക്കുന്നു. ആടുകളുടെ രോമം ശേഖരിക്കുന്ന വിളവെടുപ്പുത്സവത്തിൽ മതിമറന്നിരുന്ന അഹങ്കാരിയായ നാബാൽ ദാവീദിന്റെ ദൂതന്മാരെ ആട്ടിയോടിക്കുന്നു. എന്നാൽ നാബാലിന്റെ പത്നി അബിഗയിൽ ദാവീദിന്റെ ദയനീയാവസ്ഥയിൽ അലിവുതോന്നി രഹസ്യമായി അദ്ദേഹത്തിനു ഭക്ഷണം കൊണ്ടുചെന്നു കൊടുക്കുന്നു. അവളുടെ ഹൃദയശുദ്ധിയിലും ദീനാനുകമ്പയിലും പ്രസന്നനായ ദാവീദ് യുദ്ധത്തിൽ നാബാലിനെ നിഗ്രഹിച്ച് അബിഗെയിലിനെ തന്റെ പത്നിയാക്കുന്നു. ഇതാണ്

ഒന്നാമത്തെ കഥ.  കഥാവതരണത്തിലോ പ്രതിപാദനത്തിലോ ഏറെ നാടകീയതകളൊന്നുമില്ലാതെ ലളിതമായ ശൈലിയിൽ എഴുതപ്പെട്ട ഒരു ആഖ്യാനകാവ്യമാണിത്.

ഉന്നതസ്ഥാനം നാം പ്രാപിച്ചാൽ നിശ്ചയം
പിന്നെ, മറക്കും നാം നമ്മെത്തന്നെ.
 *                    *                    *
സജ്ജന നിഗ്രഹത്തിന്നൊരുങ്ങുന്നവൻ
ലജ്ജിതനാകും, നിരാശനാകും.
*                    *                    *
ഈശന്റെയിഷ്ടത്തിനൊത്തുചരിപ്പവർ
നാശം കാണില്ല ഭയപ്പെടില്ല.

കൈരളീമഹിളയുടെ മംഗല്യമെന്ന പുകൾപെറ്റ ദ്വിതീയാക്ഷരപ്രാസം സർവ്വത്ര ദീക്ഷിച്ചിരിക്കുന്നു

ഈശന്റെയിഷ്ടത്തിനൊത്തുചരിപ്പവൻ
നാശം കാണില്ല ഭയപ്പെടില്ല

.എഴുത്തുകാരിയുടെ കാവ്യപരിചയവും പദസമ്പത്തുമാണ് ഇതു വ്യക്തമാക്കുന്നത്.

നന്മയെ കാംക്ഷിപ്പോരെന്നുമീ ക്ഷോണിയിൽ
നന്മചെയ്തേറിടും നന്മകൊയ്യും.

എന്ന ഗുണപാഠത്തോടുകൂടി ഈ സാരോപദേശകഥ സമാപിക്കുന്നു.

ദാവീദ് ബെത്ശേബാ സംഗമത്തിന്റെ കഥയാണ് രണ്ടാമത്തേത്. ദാവീദുരാജാവ് ബെത്ശേബാ എന്ന സുന്ദരിയുടെ സ്നാനരംഗം കണ്ട് അവളെ കൊട്ടാരത്തിൽ വരുത്തി അവിഹിതബന്ധത്തിലേർപ്പെടുന്നതും തന്മൂലം ഉളവാകുന്ന ഗർഭഭാരത്തിന്റെ ഉത്തരവാദിത്തം അവളുടെ ഭർത്താവായ ഊറിയായുടെ തലയിൽ ചുമത്താൻ ശ്രമിച്ചിട്ടു വിജയിക്കാതെ വന്നപ്പോൾ ഊറിയായെ ചതിയിൽ കൊല്ലിച്ച് ബെത്ശേബയെ ഭാര്യയായി സ്വീകരിക്കുന്നതുമാണ് കഥയുടെ മുഖ്യഭാഗം. ഈ മഹാപാപത്തെക്കുറിച്ചു ദാവീദ് പശ്ചാത്തപിക്കുന്നതും, ദൈവം ദാവീദിനു മാപ്പു കൊടുത്തനുഗ്രഹിക്കുന്നതുമായ അനന്തരഭാഗങ്ങളും കവയിത്രി സാമാന്യമായി പറഞ്ഞിട്ടുണ്ട്. ഒരു സായാഹ്നവേളയിലാണ് രാജാവ് തന്റെ മട്ടുപ്പാവിൽ ഉലാത്തുന്നതും ബെത്ശേബയുടെ സ്നാനരംഗം കാണാനിട വരുത്തുന്നതും, പൂർവ്വാപേക്ഷയാ നാടകീയത കലർത്തി ആ സായാഹ്നത്തെ അവതരിപ്പിക്കുന്നതിന് കവി ഇവിടെ ശ്രദ്ധിച്ചിട്ടുണ്ട്.

അംബരവീഥിയിലർക്കൻ പടിഞ്ഞാറേ
അംബോധി ലക്ഷ്യമായ് നീങ്ങിടുന്നു.

സൂര്യന്റെ ഈ ‘സമുദ്രസ്നാന’’ യാത്ര വ്യംഗമര്യാദയിൽ  ദാവീദിന്റെ ആസന്നമായ ‘‘പതന’’ത്തെക്കൂടി സൂചിപ്പിക്കുന്നുവെന്ന് സൂക്ഷ്മദൃഷ്ടികൾക്കു കാണാം. ദാവീദിന്റെ കുറ്റം പൊറുത്ത് ലോക മഹാവിജ്ഞാനിയായ ശലോമോനെ നൽകി ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കുന്നിടത്ത് കഥ ശുഭപര്യവസാനത്തിലെത്തുകയും പ്രാചീന മാതൃകയിൽത്തന്നെ സാരോപദേശം നൽകി കവിത അവസാനിപ്പിക്കുകയും ചെയ്യുന്നു.

ഈശനെ ധിക്കരിച്ചെന്നു വന്നാകിലോ
നാശം ഭവിക്കും ഹതാശരാകും.
ഈശനു ജീവിത സാരഥ്യമേകിയാൽ
ആശിസ്സനന്തമായ് വന്നുചേരും.

പാഴ്വാക്കുകൾ കൊണ്ടു വൃത്തം പൂരിപ്പിക്കാതെ, അലങ്കാരപ്പകിട്ടുകൊണ്ടു കാവ്യഗാത്രം മറയ്ക്കാതെ ഗദ്യമെഴുതുന്ന ലാഘവത്തോടെ അനായാസമായി പദ്യരചന നിർവഹിക്കുന്നതിലുള്ള

ശ്രീമതി എൽസി യോഹന്നാന്റെ കൈമിടുക്ക് ആദരവും അഭിനന്ദനവും അർഹിക്കുന്നു. അവിരാമമായ വായനയും നിരന്തരസാധനയും കൊണ്ട് തന്റെ സഹജവാസനകളെ കൂടുതൽ പരിപോഷിപ്പിക്കുവാനും, പ്രായേണ ശുഷ്ക്കമായ ബൈബിൾ കാവ്യ രംഗത്ത് ഉപര്യുപരി വിലപ്പെട്ട സംഭാവനകൾ നൽകി കൈരളിയെ ധന്യമാക്കുവാനും അങ്ങനെ മലയാളത്തിലെ ''ഭക്തകവി''കളുടെ ഗണത്തിൽ ഒരു വിശിഷ്ട പീഠമലങ്കരിക്കുവാനും ജഗദീശ്വരൻ ഈ കവയിത്രിക്കു അവസരം കൊടുക്കട്ടെ എന്നു പ്രാർത്ഥിക്കമാത്രം ചെയ്തുകൊണ്ട്, കാവ്യരൂപം പൂണ്ട ദൈവാരാധനയുടെ ഈ സൽഫലയുഗ്മത്തെ ഞാൻ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളട്ടെ !

പ്രൊഫ. മാത്യു ഉലകംതറ, കോട്ടയം.